
# കല്ലുകൾ

എം. പി. പ്രതീഷ്



കല്ലുകൾ

എം. പി. പ്രതീഷ്
(മലയാളം: കവിത)

© 2025, M. P. Pratheesh

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Photograph by M. P. Pratheesh.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# ഉള്ളടക്കം


1 മടക്കം . . . . . . . . . . . . . . . . . 5

2 മണ്ണും ശീലയും. . . . . . . . . . . 6

3 അടക്കം . . . . . . . . . . . . . . . 7

4 ഒരാളെ ഓർമ്മിക്കുന്ന... . . . 8

5 പറവകളെ . . . . . . . . . . . . . 9

6 കായ് . . . . . . . . . . . . . . . . . 10

7 വെളിച്ചം പെട്ടെന്നണയുന്ന... 11

8 അടുപ്പിച്ച നെയ്ത്ത്... . . . . . . . . . 12

9 വിരലുകൾ. . . . . . . . . . . . . . 13

10 കരിങ്കല്ല്. . . . . . . . . . . . . . . 14

11 ഒരു നീലപ്പെൻസിൽ . . . . . 15

12 രണ്ടു വാക്കുകൾ . . . . . . . . . 16

13 ബക്കറ്റിലെ വെള്ളത്തിൽ . . 17

14 പഴങ്ങൾ കഴുകുന്ന . . . . . . . 18

15 എല്ലാ പ്രാർത്ഥനകളും . . . . 19

16 വെള്ളത്തിനടിയിൽ . . . . . . 20

17 മൊഴികൾ. . . . . . . . . . . . . . 21

18 വീട്ടിലേക്ക് . . . . . . . . . . . . . 22

19 ചിറകുകൾ. . . . . . . . . . . . . . 23

20 പേറ്ററയുടെ മണം. . . . . . . . . 24

# കല്ലുകൾ (2024)

# 1

# മടക്കം

തിരിച്ചുവരുമെന്ന് പറയുന്നു

വഴിയടയാളം ദേഹത്ത് എഴുതിവയ്ക്കുന്നു

ഓർമിക്കും എന്ന് പറയുന്നു

മറന്നുപോകുന്നതെല്ലാം
കടലാസിൽ കുറിക്കുന്നു

ഈ വെള്ളത്തിന് മീതെ
കാറ്റുകൾ വന്നുനിൽക്കുന്നു

തകർന്ന ചില്ലുകളിലെക്കുണങ്ങൾ
നീർത്തടത്തിന്റെ താഴേക്കുവീഴുന്നു

കരയ്ക്കു വളർന്ന മരങ്ങളിൽ
കൂടുകൾ ദ്രവിക്കുന്നു

തിരിച്ചുവരാതെ, ഓർമ്മകിട്ടാതെ
എന്തൊക്കെയോ എഴുതുകയും
വായിക്കാൻ വയ്യാത്തവിധം
ലിപികൾ അവ്യക്തമാവുകയും ചെയ്യുന്നു

വിശ്വാസംവരാതെ വീണ്ടുംവീണ്ടും

ഈ കടലിന്റെ രണ്ടു കരയിലും

തിരയുന്നു
തിരയുന്നു

ഈ കല്ലിനരികത്ത് ഒരു മരമുണ്ട്, ഇപ്പോഴല്ല
ഈ മരത്തിനുതാഴത്ത് ഒരു കല്ലുണ്ട്,
ഇപ്പോഴല്ല-

# 2

# മണ്ണും ശീലയും

ഇരുട്ടിന്റെ പാട നീക്കുന്നു, രാപ്പാറ്റകൾ

അവയുടെ തീരെച്ചെറിയ ഉടലിൽനിന്ന്
ചിറകെല്ലാം നനഞ്ഞുവേർപെട്ട്
ഇരുട്ടിലൊട്ടിക്കിടക്കുന്നു

കുഞ്ഞുങ്ങൾ അമ്മൂമ്മമാരുടെ
കാതിൽ ചുണ്ടുരുമ്മി മിണ്ടുന്നു
കാറ്റത്തുവീഴുന്ന പഴങ്ങൾ
പെറുക്കി കീശയിലിട്ടുവയ്ക്കുന്നു
നീരുവന്ന കാലുകളുഴിയുന്നു
തണലിലും വെയിലിലും ഓടുന്നു
വാതിലിനു പിന്നിലൊളിക്കുന്നു
മുടിപിന്നിയിടുന്നു
കുഞ്ഞുങ്ങൾ ഇരുന്നിടത്തുറങ്ങിപ്പോവുന്നു

ഈ ചുവന്ന മണ്ണും
ഈ വെളുത്ത ശീലയും

ഓരോന്നിനേയും
നമ്മിൽനിന്ന് വേർതിരിക്കുകയാണ്

മുറിച്ചിട്ട ചെറിയ മരച്ചില്ല
വിട്ടുപോവാത്ത ഇലകൾ
നാലാഴ്ച കഴിഞ്ഞു നോക്കുമ്പോൾ
മുറിച്ചിട്ട ചെറിയ മരച്ചില്ല
മണ്ണിലമർന്ന് ഇലകൾ
നാലാഴ്ച കഴിഞ്ഞു നോക്കുമ്പോൾ
മുറിച്ചിട്ട ചെറിയ മരച്ചില്ല
ഇരുണ്ട നിറമായ മണ്ണ്
നാലാഴ്ചകഴിഞ്ഞു നോക്കുമ്പോൾ
മുറിച്ചിട്ട ചെറിയ മരച്ചില്ല

—വിട്ടുപോകാത്ത പക്ഷികൾ

ഉണങ്ങിയ ചുള്ളിക്കമ്പുകളുടെ
കൂമ്പാരത്തിൽനിന്ന്
ആ കിളി പുറത്തുവന്നു
ഉടലുകുടഞ്ഞു് ദൂരേക്ക് പറന്നു
ഉണങ്ങിയ ചുള്ളിക്കമ്പുകളുടെ
കൂമ്പാരത്തിൽനിന്ന്
ആളുന്ന തീയ് പതുക്കെയണഞ്ഞു

മനുഷ്യർ തീ കണ്ടുപിടിച്ചതിനുശേഷമാണ്
വിറകുണ്ടായത്
അതിനുമുമ്പ് ചുള്ളിക്കമ്പുകൾ
മുറിഞ്ഞ ചുള്ളിക്കമ്പുകൾ
വേർപെട്ടുപോയ
ഇലകളും കായ്കളും
പുഴുക്കളും പറവകളും

പ്രാർത്ഥനാശകലങ്ങളും ഒരു വെളുത്ത
തുണിയും മാത്രം പൊതിഞ്ഞ്
മണ്ണിലേക്ക് മടങ്ങിപ്പോയ കുഞ്ഞുങ്ങൾ
ഈ മരച്ചില്ലകളിൽ ഭാരമാകുന്നു
തകർന്ന മരച്ചില്ലകൾ
ഒരു പക്ഷിക്കൂട്
ഭൂമിയിലായതിനാൽ കിളികളതിൽ
പാർക്കുകയില്ല
ഭൂമിയിലല്ലാത്തതിനാൽ മനുഷ്യരും

പകുതിച്ചിറകുള്ള കിളി,
(അതിനു പറക്കാൻ വയ്യ)
തകർന്ന ഒരു വീട്,
(മരണവും പൊടിപടലങ്ങളും)
വിട്ടുപോന്ന നാട്, (സ്വപ്നത്തിന്റെ ഒരറ)
ഒരു കല്ലിന്റെ പാതി, (മുറിവിന്റെ പാതി)

## — 3 —

# അടക്കം

കുഴിയെടുക്കേണ്ട കാര്യമില്ല
മണ്ണുനീക്കേണ്ടതുമില്ല
—പൊഴിഞ്ഞ ഒരില മീതേവയ്ക്കു,

# 4

# ഒരാളെ ഓർമ്മിക്കുന്നതിനെപ്പറ്റി എഴുതിയ കവിത

എല്ലാ ദിവസവും ഒരു ടവ്വൽ
കഴുകിയുണക്കിമടക്കി അലമാരയിൽ
അതേയിടത്തുവയ്ക്കുന്നു
എല്ലാ ദിവസവും രണ്ടു ചായക്കോപ്പകൾ
കഴുകി വെടിപ്പാക്കി അതേ തട്ടിൽ വയ്ക്കുന്നു
ഒട്ടും വിയർക്കാത്ത മുഖവും കൈകളും
ഒട്ടും ദാഹിക്കാത്ത തൊണ്ട
കഴിഞ്ഞുപോവാതെ,
വരാനില്ലാതെ

ചില്ലയിലും ഭൂമിക്കടിയിലും വളരുന്നു-

# 5

# പറവകളെ

ആ പറവകളെ ഞാൻ നോക്കിനിന്നു;

എല്ലാവരും ഈ മണ്ണിലിപ്പോൾ
അടക്കം ചെയ്യപ്പെട്ടവളെപ്പറ്റി
സംസാരിച്ചുകൊണ്ടിരിക്കെ,

എന്റെ ചില്ലകളിലിരിപ്പുറപ്പിച്ച
ആ പറവകളെത്തന്നെ

ഞാൻ നോക്കിനിന്നു,

ഉരുകാദുഃഖത്തിൻ ചിലപ്പുകൾ
താഴെവീഴുന്നത്

# 6

## കായ്

പച്ചക്കായ്കൾക്ക് സങ്കടമൊട്ടും
സഹിക്കാൻ വയ്യ,
ചില്ലകളിൽ കനമായ് നിന്നുനിന്ന്

അവ അലിയുന്നു,
കനിയായി ഉരുകുന്നു,

പ്രിയമായതിനെയെല്ലാം
—മനുഷ്യരോ മേഘമോ ആവട്ടെ-
ഓർത്തോർത്ത്

—ഭൂമിയിൽ വീഴുന്നു

# 7

# വെളിച്ചം പെട്ടെന്നണയുന്ന നേരം

ഓരോ രാത്രിയും ഞാറമരത്തിനു
ചുറ്റിലും കാണുന്ന പ്രകാശവലയം
കല്ലിൽ തൊടുമ്പോൾ
നനഞ്ഞുകുതിരുന്ന കൈകൾ
എല്ലാവരുടെ ജീവിതത്തിലുമുണ്ട്
കവിതപോലുള്ള ചില കാര്യങ്ങൾ

കൊളുത്തിൽനിന്ന് വിട്ട്
താഴേക്കുവീഴുന്ന ഗ്രഹങ്ങൾ
പുല്ലിൽനിന്ന് പുല്ലിലേക്കുനീങ്ങുന്ന
പ്രാണികൾ

വെളിച്ചം പെട്ടെന്നണയുന്ന നേരം
മുറിവിന്നുചുറ്റും നിറയുന്ന ശ്വാസം

# 8

# അടുപ്പിച്ച നെയ്ത്ത ഇഴകൾ

നമ്മുടെ ഭാഷയിൽ
എല്ലാ വാക്കുകളും ആവശ്യമില്ല;
മരണശേഷം ഈ ശരീരത്തെ
ലോകത്തിൽനിന്ന്
മറച്ചുപിടിക്കാൻ വിരിക്കുന്ന ശീല പോലെ

അടുപ്പിച്ച നെയ്ത്ത ഇഴകൾ

—മൂകമായും

വിദൂരമായും

# 9

## വിരലുകൾ

വിതുമ്പുന്ന ഒലിവുതോട്ടങ്ങളിൽ
പൊടിമൂടിയ മേഘങ്ങൾക്കടിയിൽ
എന്റെ വിരലുകളറ്റുപോയി
നിർത്താതെപായുമിത്തീവണ്ടിയിൽ,
നിൽക്കാതൊഴുകുമിച്ചോരയിൽനിന്നു
വേർപെട്ട് വിരലുകൾ
വിതുമ്പുന്ന മരങ്ങളിലിലകളിൽ
തൊട്ടുനോക്കുന്നു-
തേനീച്ചകൾ മധുരം ശേഖരിക്കുന്നു
പാറകൾക്കുള്ളിലെ നീര്
അവയെ കാത്തുനിന്നു
ഞാൻ കല്ലിൽനിന്നുണ്ടായ കുട്ടിയാണ്
അതിനാലെപ്പോഴുമലിഞ്ഞുകൊണ്ട്
തേനീച്ചകളുടെ മൂളൽ മാത്രം തരൂ
ഈ വെയിലിൽ
തുണിയെങ്കിൽ അതിൽനിന്നൊരിഴ
കാട്ടുമരമെങ്കിലതിന്നില
മൃഗമെങ്കിലതിൻമുരൾച്ച
—ശരീരം, എന്നാൽ, വെറും ശരീരം
കാറ്റത്ത് പാറ്റച്ചിറക്
കടലാസിൽ മഷികൊണ്ടെഴുത്ത്
കടലിൽത്താഴ്ന്നുപോകുന്ന കരിങ്കല്ല്—

# 10

## കരിങ്കല്ല്

എല്ലാ രാത്രിയിലും ഒരേ സ്വപ്നം തന്നെ കണ്ടു;
കടലിലേക്ക് താഴ്ന്നുപോകുന്ന കരിങ്കല്ല്

മരിക്കുന്നതുവരെ ആ കല്ലിനടിയിൽ

ഞാനുണ്ടായിരുന്നു
ഇപ്പോൾ ആ കല്ലുമാത്രം

താഴ്ന്നുപോകുന്നു

# 11

## ഒരു നീലപ്പെൻസിൽ

കുട്ടിക്കാലത്ത് ഒരു
നീലപ്പെൻസിൽ ഉണ്ടായിരുന്നു;
മുളങ്കാടുകളും
രാത്രിയും
അമ്മയുമുണ്ടായിരുന്നതുപോലെ

## 12

# രണ്ടു വാക്കുകൾ

ശലഭത്തിന്റെ എല്ലാ വാക്കുകളും
നാം കാണുന്നില്ല;

നമുക്ക് വായിക്കാനാവുന്ന രണ്ടു വാക്കുകൾ

മരണം കഴിഞ്ഞും

പുല്ലിലോ
പൂഴിയിലോ

തങ്ങിനിന്നു

## 13

# ബക്കറ്റിലെ വെള്ളത്തിൽ

വേനലിൽ ചെടികൾ നനയ്ക്കുമ്പോൾ
ഇലകളിൽ തണ്ടുകളിൽ മണമുയർന്നു;

തണുക്കുമ്മണ്ണിനും
പൊള്ളുമാകാശത്തിനുമിടയിൽ
ആ മണമെന്നിൽക്കലർന്നു;

ചെടികൾക്കും മനുഷ്യർക്കും കൂടി
ഒറ്റ ദൈവമേ ഉണ്ടായിരുന്നുള്ളൂ;

അദൃശ്യമായി അത്
ബക്കറ്റിലെ വെള്ളത്തിൽ-
പ്പാർക്കുകയാണ്

## 14

# പഴങ്ങൾ കഴുകുന്നു

കഴുകുന്നു
വീണ്ടുംവീണ്ടും കഴുകുന്നു
ഉടുപ്പറ്റം കൊണ്ട് തുടയ്ക്കുന്നു

പിഞ്ഞാണത്തിൽ, അല്പം വെള്ളമുള്ള
ചെരുവത്തിൽ, നാരുകൾകൊണ്ടു
നെയ്ത്ത കൊട്ടയിൽ, മരിച്ചുപോയ
ഉമ്മൂമ്മമാരും പിറന്നിട്ടില്ലാത്ത
കുഞ്ഞുങ്ങളും
ആവുംവിധം കഴുകുന്നു

ഉള്ളിൽനിന്നുതിരുമുപ്പും ചോരയും
പൊടിയും മൂടിയ

ഈ പഴങ്ങൾ—

# — 15 —

# എല്ലാ പ്രാർത്ഥനകളും

എല്ലാ പ്രാർത്ഥനകളും കല്ലറകൾക്കരികത്തു്;

നമ്മുടെ മരങ്ങളൊക്കെയും
ഉണങ്ങിയിരിക്കുന്നു,
വെള്ളത്തിനുമീതെ പൊടി

മണിയോശപോലെ നേർത്തു്, നിലയ്ക്കാതെ
അങ്ങേച്ചെരിവിൽനിന്ന് കാറ്റത്തു്
ഈറ്റകൾ ഇടറുന്നതുകേട്ടു,

ഖബറുകളിൽ മണ്ണുമൂടുകയായിരുന്നിട്ടും
വിതുമ്പുകയായിരുന്നിട്ടും

തേനീച്ചകൾ കല്ലുകളിൽനിന്ന്
മധുരം ശേഖരിച്ചു;
അവയെഴുതിയ വരികൾ
കാണാത്ത ഖബറുകൾക്കുമീതെവീഴുന്നു

## 16

# വെള്ളത്തിനടിയിൽ

അരുവിയിൽനിന്ന് പെറുക്കിയെടുത്ത
ചെറിയ കല്ലുകൾ
കല്ലുകൾ ഒരിക്കലും വാക്കുകളാവുകയില്ല
എഴുതിയ വാക്കുകൾ മായ്ച്ചുകളയുന്ന
വെള്ളത്തിനടിയിലവ

## 17

# മൊഴികൾ

പുരാതനമായ വെള്ളത്തിൽനിന്ന് വേർപെട്ടു,

കിളി
ഉരഗം
പാറ്റകൾ

ചിറകോ തുഴവാലോ വളരാതെ
വിട്ടുപോകാൻ വയ്യാതെ

—ആഴത്തിൽ കല്ലുകളെ മൂടിയ മൊഴികൾ

# 18

## വീട്ടിലേക്ക്

തകർന്ന നഗരത്തിൽ
മറന്നുപോവാതിരിക്കാൻ
എന്റെ വീടിന് മേഘം കൊണ്ട്
അടയാളം വയ്ക്കുന്നു;
അടങ്ങാത്ത ഈ കാറ്റിൽ ഞാൻ
ഭൂമി മുഴുവനുമലയുന്നു

## 19

# ചിറകുകൾ

മറവുചെയ്യുന്ന രണ്ടു കുഴികൾക്കുനടുവിൽ
മൂന്നാമത്തെ കുഴി
മരിച്ചുപോയ
കിളികൾക്കുള്ളതായിരുന്നു

അവിടെയാണ് എന്നെ അടക്കിയത്
എന്റെ ചിറകുകൾ അദൃശ്യമായിരുന്നിട്ടും

എല്ലാ കിളികൾക്കും പെട്ടെന്നു
കാണാനിടയില്ലാത്ത
രണ്ടു ചിറകുകൾകൂടിയുണ്ട്
ഇല്ലാതായ ദിക്കുകൾ ഓർമ്മിക്കാനും
മറന്നുപോയ കരകളിൽനിന്ന് മടങ്ങിവരാനും


## 20

# പേറ്ററയുടെ മണം

ഇലതുന്നിയുള്ളിലുറങ്ങുന്ന പുഴു,
ദൈവത്തെ പശനൂലിഴയാക്കുന്നു;
നൂലിഴകൾ പൊട്ടിച്ച് പുഴു രണ്ടു ചിറകാവുന്നു
ചുരുണ്ട ഇലയുടെ ചെരുവിൽ
ഉണങ്ങിനിൽക്കുന്നു ദൈവം

□

## എം. പി. പ്രതീഷ്



കവി. ആവിയന്ത്രം, മീൻ പാത, കവിതയുടെ പുസ്തകം, മണ്ണും വെള്ളവും, സങ്കടപ്പുസ്തകം, പിറവെള്ളം, ദേശാടനങ്ങൾ തുടങ്ങി ഏഴ് കാവ്യസമാഹാരങ്ങൾ. ഇലകളും ചിറകുകളും, മുറിവുകളുടെയും ആനന്ദത്തിന്റെയും പുസ്തകം, വിത്തുമൂട, പാർപ്പിടങ്ങൾ എന്നിവ മറ്റു രചനകൾ.

## എഴുത്തുകാരെ പ്രോത്സാഹിപ്പിക്കുക

ഈ കൃതി കൊള്ളാമെന്ന് തോന്നിയാൽ ചുവടെ ചേർത്തിട്ടുള്ള ക്യൂ ആർ കോഡ് വഴി വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തു രൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്. ഇതിലൂടെ സ്വതന്ത്ര പ്രകാശനത്തിലേയ്ക്ക് കൂടുതൽ എഴുത്തുകാരെ ആകർഷിക്കുക. എഴുത്തുകാർക്ക് ഇടനിലക്കാരില്ലാതെ നേരിട്ട് സാമ്പത്തിക സഹായം നൽകി അറിവ് സ്വതന്ത്രമാക്കാൻ സഹായിക്കുക.

P Pratheesh mp

UPI ID: mppratheesh87-1@okhdfcbank

Scan to pay with any UPI app

### Download QR Code

കൂടുതൽ വിവരങ്ങൾ അടുത്ത താളിൽ (പിൻകുറിപ്പിൽ).


# പിൻകുറിപ്പ്

സായാഹ്ന എഴുത്തുകാർക്ക് പ്രതിഫലം നല്കുന്നുണ്ടോ എന്നത് പല വായനക്കാരും എഴുത്തുകാരും നിരന്തരം അന്വേഷിക്കുന്ന കാര്യമാണ്. ഇല്ല. ഒരു സ്വതന്ത്ര പ്രസാധന സംരംഭം എന്ന നിലയ്ക്ക് അതിനു കഴിയില്ല, അതു ശരിയുമല്ല എന്നാണ് സായാഹ്ന കരുതുന്നത്. എന്നാൽ, ഡിജിറ്റൽ കാലത്ത് നമുക്ക് മറ്റൊരു രീതി അവലംബിക്കാവുന്നതാണ്.


ഒരു കൃതി വായിച്ചുതീരുമ്പോൾ അതു കൊള്ളാമെന്നും ഇതെഴുതിയ ആൾക്ക് എന്തെങ്കിലും പ്രതിഫലം നല്കേണമെന്നും തോന്നിയാൽ അതേ കൃതിയിൽ കാണുന്ന ലിങ്ക് വഴി ഗ്രന്ഥകർത്താവിന്റെ അക്കൗണ്ടിലേക്ക് പത്തുരൂപ മുതൽ എത്ര തുകയും നേരിട്ട് അയച്ചുകൊടുക്കാവുന്നതാണ്.

പകർപ്പവകാശം കഴിഞ്ഞ കൃതികളെ സംബന്ധിച്ച് ഈ തുക സായാഹ്നയുടെ അക്കൗണ്ടിലേക്കായിരിക്കും എത്തുക. അത് കൂടുതൽ കൃതികളുടെ ഡിജിറ്റൈസേഷന് വേണ്ടിയായിരിക്കും ചെലവഴിക്കുക.

കൃതിയോടൊപ്പമുള്ള ക്യൂ. ആർ. കോഡ് സ്കാൻ ചെയ്താൽ ഗൂഗ്ൾ പേ, ഭീംആപ്, തുടങ്ങിയ യുപിഐ ആപ്പുകൾ വഴി ഇഷ്ടാനുസരണം ഗ്രന്ഥകർത്താവിന് നേരിട്ട് പണം അയക്കാവുന്നതാണ്.




അതേ ഫോണിൽ നിന്നുതന്നെയാണ് പണം അയക്കേണ്ടതെങ്കിൽ ക്യൂആർകോഡിന്റെ സ്ക്രീൻഷോട്ടെടുത്ത് ഫോണിന്റെ ഗാലറിയിൽ ആണോ അത് സൂക്ഷിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്തുക. ഗൂഗ്ൾ പേ ആപ്പിൽ Scan any QR code എന്ന ഐക്കണിൽ അമർത്തിയാൽ ക്യൂആർ കോഡ് സ്കാൻ ചെയ്യാനുള്ള സ്ക്രീനിൽ വരുന്നു. അതിന്റെ താഴെ Upload from gallery എന്ന ഐക്കണിൽ തൊട്ട് ഗാലറിയിലുള്ള സ്ക്രീൻഷോട്ട് സെലക്ട് ചെയ്യുക. തുക ടൈപ്പ് ചെയ്ത് സാധാരണ മാതിരി പെയ്മെൻറ് നടത്താം.




സ്ക്രീൻഷോട്ടിനു പകരം ഇതേ കൃതിയോടൊപ്പം കൊടുക്കുന്ന ക്യൂആർകോഡിന്റെ ചിത്രം ഡൗൺലോഡ് ചെയ്യുകയും ആവാം.

---